ഇ-ഗവേണൻസ് പദ്ധതികൾ

201 (5286) ശ്രീ. ടി. എൻ. പ്രതാപൻ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. ആർ. സെൽവരാജ് :

ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യു.ഡി. ഇ-ഗവേണൻസ് പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിക്കായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ ഘട്ടംഘട്ടമായി ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മുതൽ കരാറുകാരുടെ ബിൽ പേമെന്റ് വരെയുള്ള പൊതുമരാമത്ത് വകുപ്പിലെ എല്ലാ പ്രവൃത്തികളും ഒരു ഏകീകൃത കമ്പ്യൂട്ടർവത്കൃത സംവിധാനത്തിൻകീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് വകുപ്പിലെ ഇ-ഗവേണൻസ് പദ്ധതികൾ വിഭാവന ചെയ്തിട്ടുള്ളത്. ഇത് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കും. പൊതുജനങ്ങളുമായി പൊതുമരാമത്ത് വകുപ്പിന്റെ സമ്പർക്കങ്ങൾ കൂടുതൽ മെച്ചപ്പെടുത്താനും അതുവഴി അവരുടെ പരാതികളും ആവശ്യങ്ങളും വേഗത്തിൽ പരിഹരിക്കാനുമുള്ള സംവിധാനങ്ങൾക്ക് പ്രാധാന്യം നൽകിയാണ് സമ്പൂർണ്ണ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) ഇതിന്റെ പ്രാരംഭമെന്ന നിലയിൽ ടെണ്ടറിംഗ് സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവത്കരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും അത് ഓൺലൈനായി മുകൾ ഓഫീസുകളിലേയ്ക്ക് സമർപ്പിക്കുന്നതിനും പരിശോധിക്കുന്നതിനും സാങ്കേതികാനുമതി, ഭരണാനുമതി എന്നിവ നൽകുന്നതിനുമുള്ള കമ്പ്യൂട്ടർവത്കൃത സംവിധാനം [Project Information and Cost Estimation (PRICE) Software] പൊതുമരാമത്ത് വകുപ്പും എൻ.ഐ.സി.യും ചേർന്ന് വികസിപ്പിച്ചിട്ടുണ്ട്. ഈ സംവിധാനം പരീക്ഷണാടിസ്ഥാനത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

2014 ജനുവരി 1 മുതൽ വിജയകരമായി നടപ്പിലാക്കിവരുന്നു. ഇത് 1-9-2015 മുതൽ പൊതുമരാമത്ത് വകുപ്പിലെ മറ്റ് വിഭാഗങ്ങളിലും തുടർന്ന് കേരളത്തിലെ മറ്റ് എഞ്ചിനീയറിംഗ് വകുപ്പുകളിലും നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനെത്തുടർന്ന് വകുപ്പിന്റെ എല്ലാ പ്രവർത്തനങ്ങളിലും കമ്പ്യൂട്ടർവത്കരണം നടപ്പിലാക്കുന്നതിനുള്ള ഏകീകൃത ഇ-ഗവേണൻസ് സംവിധാനമായി PRICE സോഫ്റ്റ്വെയറിനെ ഘട്ടംഘട്ടമായി വികസിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഈ സോഫ്റ്റ്വെയറിനെ എൻ.ഐ.സി. തന്നെ കേരള സർക്കാരിനുവേണ്ടി വികസിപ്പിച്ച് നടപ്പിലാക്കിവരുന്ന ഫയൽ നീക്കം സുഗമമാക്കുന്നതിനുള്ള ഇ-ഓഫീസ് സോഫ്റ്റ്വെയർ, ലെറ്റർ ഓഫ് ക്രഡിറ്റ് (LC) നൽകൽ സുഗമമാക്കുന്നതിനുള്ള EMLI സോഫ്റ്റ്വെയർ, സ്പാർക്ക് സോഫ്റ്റ്വെയർ എന്നിവയുമായി സമന്വയിപ്പിച്ച് ഒരു ഏകീകൃത സംവിധാനമായി വികസിപ്പിക്കുവാൻ ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സി.ആർ.ഫണ്ടുപയോഗിച്ച് റോഡ് നിർമ്മാണം

202 (5287) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം ജില്ലയിൽപ്പെടുന്ന പാങ്ങോട്-ശിവഗിരി റോഡ് നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റിന് സി.ആർ.എഫിൽ (CRF) ഉൾപ്പെടുത്തി അനുവാദം ലഭിക്കുന്നതിന് ശിപാർശ നൽകിയത് എന്നാണ് ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചത് എന്നാണ് ;

(സി) സി.ആർ.എഫ് (CRF) അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം കൊല്ലം ജില്ലയിൽപ്പെടുന്ന എത്ര റോഡുകൾക്ക് സി.ആർ.എഫിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിരുന്നു ; അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുന്നതിനുവേണ്ടി 26-2-2014-ലാണ് സർക്കാർ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിൽ ശിപാർശ സമർപ്പിച്ചത്.

(ബി) പ്രസ്തുത പദ്ധതിക്ക് 5-3-2014-ൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ ഭരണാനുമതിയും 10-6-2014-ൽ സംസ്ഥാന സർക്കാരിന്റെ ധനകാര്യ അനുമതിയും 7-8-2014-ൽ സംസ്ഥാന സർക്കാരിന്റെ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly